CHURCH OF GOD IN INDIA, KERALA STATE

# SUNDAY SCHOOL II^ND SEMESTER EXAMINATION 2025

**Marks: 50**

## Class 1

(Oral Examination - വാചാപരീക്ഷ)

**I. പേരു പറയുക (1x6=6)**

1. യിസ്രായേൽ മക്കളെ ബാബേലിലേക്ക് അടിമകളാക്കി കൊണ്ടുപോയ രാജാവിന്റെ പേരെന്ത്?
2. അനുസരിക്കാത്ത യോനാ എവിടേക്കാണ് പോയത്?
3. യേശു ജനിച്ച സ്ഥലം ഏത്?
4. യേശു ജനിച്ച വാർത്ത ദൂതന്മാർ ആദ്യം ആരോടാണ് പറഞ്ഞത്?
5. ശിശുക്കളെ യേശുവിന്റെ അടുക്കൽ കൊണ്ടുവരുന്നതിന് തടഞ്ഞത് ആര്?
6. യേശു സൗഖ്യം ആക്കിയ കുരുടന്റെ പേരെന്ത്?

**II. ഉത്തരം പറയുക (2x5=10)**

7. പക്ഷവാതരോഗിയെ എങ്ങനെയാണ് യേശുവിന്റെ അടുക്കൽ കൊണ്ടുവന്നത്?
8. സക്കായിക്ക് എന്തുകൊണ്ടാണ് യേശുവിനെ കാണുവാൻ കഴിയാഞ്ഞത്?
9. കുഷ്ഠരോഗികളെ യഹൂദന്മാർ എവിടെയാണ് താമസിപ്പിച്ചിരുന്നത്?
10. നഷ്ടപ്പെട്ട ആടിന് വേണ്ടി ഇടയൻ എന്ത് ചെയ്തു?
11. യഹൂദന്മാർ ശമര്യരെ വെറുത്തത് എന്തുകൊണ്ടാണ്?

**III. ആര് ആരോട് പറഞ്ഞു? (3x3=9)**

12. ''ഭയപ്പെടേണ്ട സർവ്വജനത്തിനും ഉണ്ടാകുവാനുള്ള ഒരു വലിയ സന്തോഷവാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു ക്രിസ്തു എന്ന രക്ഷിതാവ് നിങ്ങൾക്കായി ജനിച്ചിരിക്കുന്നു.''
13. "മകനെ നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എഴുന്നേറ്റ് കിടക്ക എടുത്ത് നടക്കുക."
14. "കർത്താവേ നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും."

**IV. വിട്ടുപോയ വാക്യഭാഗം പറയുക (2x5=10)**

15. ഞാൻ ....................... ആയിരുന്നു എന്നാൽ .......................... ജീവിച്ചിരിക്കുന്നു.
16. ഞാൻ ഈ മനുഷ്യനിൽ .................................................... എന്ന് പറഞ്ഞു.
17. യേശു അവളോട് നിന്നോട് ........................ ഞാൻ തന്നെ ................. പറഞ്ഞു.
18. കാണാതെ പോയതിനെ ..................................... വന്നത്.
19. നീ തീയിൽ കൂടി നടന്നാൽ ................................. നിന്നെ ........................

**V. നിങ്ങൾ പഠിച്ച മനഃപ്പാഠവാക്യങ്ങളിൽ നിന്നും 5 വാക്യങ്ങൾ പറയുക.**

**(3x5=15)**

CHURCH OF GOD IN INDIA, KERALA STATE

# SUNDAY SCHOOL II^ND SEMESTER EXAMINATION 2025

## Class 2

(Oral Examination - വാചാപരീക്ഷ) **Marks: 50**

**I. പേരു പറയുക (1x6=6)**

1. അഹശ്വേരോശ് രാജാവിന്റെ രാജ്ഞിയുടെ പേര് എന്ത്?
2. ഈയോബിന്റ സ്വന്തം ദേശം എവിടെ ആയിരുന്നു?
3. സെഖര്യവിന് പ്രത്യക്ഷപെട്ട ദൂതൻ ആര്?
4. യേശുവിന്റെ അമ്മയുടെ പേര് എന്ത്?
5. ധനവാൻ മരണശേഷം എവിടെ പോയി?
6. അർദ്ധപ്രാണനായി കിടന്ന മനുഷ്യന്റെ യഥാർത്ഥ സ്നേഹിതൻ ആര്?

**II. ഉത്തരം പറയുക (2x5=10)**

7. ശബത്തു ദിവസം എന്നാൽ എന്ത്?
8. യൂദാ യേശുവിനെ കാണിച്ചു കൊടുത്തത് എങ്ങനെ?
9. യേശുവിന്റെ ശരീരം അടക്കം ചെയ്തത് ആര്?
10. ധനവാൻ ലോകത്തിൽ എങ്ങനെ ജീവിച്ചു?
11. യേശു പിറവി കുരുടന്റെ കണ്ണിൽ എന്ത് ചെയ്തു?

**III. ആര് ആരോടു പറഞ്ഞു (3x3=9)**

12. 'ഭയപ്പെടേണ്ട വിശ്വസിക്ക മാത്രം ചെയ്ക'
13. 'എഴുന്നേറ്റ് നടുവിൽ നിൽക്ക'
14. 'ധൈര്യപ്പെടുവിൻ ഞാനാകുന്നു, പേടിക്കേണ്ട'

**IV. വിട്ടുപോയ വാക്യഭാഗം പറയുക (2x5=10)**

15. യഹോവ തന്നു..................................................... വാഴ്ത്തപ്പെടുമാറാകട്ടെ.
16. യഹോവയുടെ........................... അവരെ വിടുവിക്കുന്നു.
17. കൂട്ടുകാരനെ........................................................................ സ്നേഹിക്കണം.
18. എൻ മനമേ................................ അവന്റെ..................... ഒന്നും മറക്കരുത്.
19. ഒരു മനുഷ്യൻ................................................................. എന്ത് പ്രയോജനം.

**V. നിങ്ങൾ പഠിച്ച മനഃപാഠവാക്യങ്ങളിൽ നിന്നും 5 വാക്യങ്ങൾ പറയുക.**

**(3x5=15)**

# CHURCH OF GOD IN INDIA, KERALA STATE

## SUNDAY SCHOOL II^ND SEMESTER EXAMINATION 2025

**Class 3** Time: 1.5 hrs.
Marks : 50

**I. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (1x6=6)**

1. യേശു സ്നാനമേറ്റ നദിയുടെ പേരെന്ത്?
(അബാന, യോർദ്ദാൻ, പർപ്പർ)
2. യേശുവിന്റെ ശരീരം അടക്കം ചെയ്ത മന്ത്രി?
(പീലാത്തോസ്, കുറേനക്കാരനായ ശീമോൻ, അരിമഥ്യക്കാരനായ യോസേഫ്)
3. എത്രാമത്തെ വയസ്സിലാണ് യേശു സ്നാനമേറ്റത്?
(12, 30, 20)
4. തബീഥ താമസിച്ചിരുന്ന പട്ടണം ഏത്?
(യോപ്പ, നയിൻ, ഫിലിപ്പി)
5. പത്രൊസിന്റെ ശബ്ദം തിരിച്ചറിഞ്ഞ ബാല്യക്കാരി?
(രോദ, ലുദിയ, തബീഥ)
6. പരിശുദ്ധാത്മാവിനോട് വ്യാജം കാണിച്ച ഒരു വ്യക്തി?
(അനന്യാസ്, അന്ത്രെയോസ്, പത്രൊസ്)

**II. പേരെഴുതുക (1x5=5)**

7. നയമാന്റെ കുഷ്ഠരോഗം സൗഖ്യമാക്കിയ പ്രവാചകനാര്?
8. വിധവ എത്ര കാശാണ് ദേവാലയത്തിൽ ഇട്ടത്?
9. എവിടെവെച്ചാണ് വിധവയുടെ മകന്റെ ശവശരീരം യേശു കണ്ടത്?
10. യേശുവിന്റെ വാക്കനുസരിച്ച് ശിഷ്യന്മാർ വല വീശിയപ്പോൾ എത്ര മീൻ കിട്ടി?
11. യിസ്രായേൽ മക്കൾക്ക് എത്ര പെരുന്നാൾ ഉണ്ടായിരുന്നു?

**III. അർത്ഥം എഴുതുക (1x3=3)**

12. തബീഥ
13. നയിൻ
14. ഗോൽഗോഥാ

**IV. ചേരുംപടി ചേർക്കുക (1x4=4)**

15. എണ്ണ - യൂറോപ്പ്
16. തബീഥ - പരിശുദ്ധാത്മാവ്
17. പുളിപ്പില്ലാത്ത അപ്പം - ശിഷ്യ
18. ലുദിയ - പെരുന്നാൾ

**V. ആര് ആരോട് പറഞ്ഞു. (2x3=6)**

19. "ഇത്രയ്ക്കോ നിങ്ങൾ നിലം വിറ്റത്?"
20. " നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആണ്."
21. "മക്കളുടെ അപ്പം എടുത്ത് നായ്ക്കുട്ടികൾക്ക് ഇട്ടുകൊടുക്കുന്നത് നന്നല്ല."

**VI. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക (2x3=6)**

22. യേശു സ്നാനമേറ്റപ്പോൾ നടന്ന അത്ഭുതം എന്ത്?
23. എണ്ണ വാങ്ങി തിരികെ വന്ന കന്യകമാരോട് മണവാളൻ എന്ത് പറഞ്ഞു?
24. പെന്തെക്കോസ്തു ദിവസം 120 പേർക്ക് ഉണ്ടായ അനുഭവം എന്ത്?

**VII. ഒരു പേജിൽ കവിയാതെ ഉത്തരം എഴുതുക (ഏതെങ്കിലും ഒന്ന്) (8x1=8)**

25. പത്ത് താലന്തുകളുടെ ഉപമ വിവരിക്കുക.

(അല്ലെങ്കിൽ)

26. യേശുവിനെ വെച്ചിരുന്ന കല്ലറയ്ക്കൽ സുഗന്ധ വസ്തുക്കളുമായി പോയവർ ആരൊക്കെ? അവർ കണ്ട സംഭവം വിവരിക്കുക.

**VIII. മനഃപാഠവാക്യം എഴുതുക (3x4=12)**

27. മത്തായി 25:13
28. സദൃശ. 12:19
29. അപ്പൊസ്തല പ്രവൃത്തി 16:31
30. ഇയ്യോബ് 5:12

CHURCH OF GOD IN INDIA, KERALA STATE

# SUNDAY SCHOOL II[ND] SEMESTER EXAMINATION 2025

**Class 4** Time: 1.5 hrs.

Marks : 50

**I. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (1x6=6)**

1. ദൈവ വചനത്തെ എന്തെന്ന് വിളിച്ചിരിക്കുന്നു?
(കാണാൻ ഭംഗിയുള്ളത്, തിന്മാൻ ഭംഗിയുള്ളത്, ആത്മാവിന്റെ വാൾ)
2. കാൽ കഴുകിയപ്പോൾ ആദ്യം വിസമ്മതിച്ച ശിഷ്യൻ ആര്?
(ശീമോൻ പത്രോസ്, ഈസ്കര്യോത്ത് യൂദാ, യാക്കോബ്)
3. ഗലീല കടൽക്കരയിൽ വെച്ച് എത്ര ശിഷ്യന്മാർക്കാണ് യേശു പ്രത്യക്ഷ നായത്?
(12, 4, 7)
4. യേശുവിന്റെ കാലത്തെ യഹൂദ്യയിലെ നാടുവാഴി ആരായിരുന്നു?
(പീലാത്തോസ്, ഹന്നാവ്, ഹെരോദാവ്, കയ്യഫാവ്)
5. എവിടെ വച്ചാണ് യേശു വിതയ്ക്കുന്നവന്റെ ഉപമ പറഞ്ഞത്?
(തിബരിയാസ് കടൽ, ഗലീല, ഗദര ദേശം, യെരുശലേം ദേവാലയം)
6. ദൈവം ഹിസ്ക്കിയാവിന് ആയുസ്സ് എത്ര വർഷം നീട്ടികൊടുത്തു?
(30, 20, 15)

**II. പേരെഴുതുക (1x5=5)**

7. ആഹാബു രാജാവിന്റെ ഭാര്യയുടെ പേരെന്ത്?
8. എമ്മവുസിലേക്ക് പോയ ശിഷ്യന്മാരിൽ ഒരാളുടെ പേര് എന്ത്?
9. യേശു കുറ്റക്കാരൻ അല്ല എന്ന് വിധിച്ച ന്യായാധിപൻ ആര്?
10. യേശുവിനെ ഭക്ഷണത്തിന് ക്ഷണിച്ച പരീശൻ ആര്?
11. ജീവനുള്ള വെള്ളം നൽകുന്നവൻ ആരാണ്?

**III. അർത്ഥം എഴുതുക (1x3=3)**

12. കർമ്മേൽ
13. നിക്കോദിമോസ്
14. ബേഥെസ്ദാ

**IV. ചേരുംപടി ചേർക്കുക (1x4=4)**

| | | |
|---|---|---|
| 15. ഊസ് | – | ഈസ്കര്യോത്ത് യൂദാ |
| 16. തലയോടിടം | – | ഇയ്യോബ് |
| 17. ഗുരുദ്രോഹി | – | യെശയ്യാവ് |
| 18. പ്രവാചകൻ | – | ഗോൽഗോഥാ |

**V. ആര് ആരോടു പറഞ്ഞു (2x3=6)**

19. "എന്നോടുകൂടെ ഒരുനാഴിക പോലും ഉണർന്നിരിക്കാൻ കഴിയില്ലേ?"
20. "നിങ്ങൾ എത്രത്തോളം രണ്ടു തോണിയിൽ കാൽ വെക്കും?"
21. "നിന്റെ ഗൃഹകാര്യംക്രമത്തിൽ ആക്കുക, നീ മരിച്ചുപോകും, സൗഖ്യം ആകയില്ല."

**VI. രണ്ടോ മൂന്നോ വാകൃത്തിൽ ഉത്തരമെഴുതുക (2x3=6)**

22. പള്ളിയിൽ പോയ രണ്ടു പേരിൽ പരീശൻ എങ്ങനെ പ്രാർത്ഥിച്ചു?
23. യേശുവിന്റെ അന്ത്യനിയോഗങ്ങൾ എന്തൊക്കെ ആയിരുന്നു?
24. ദൈവാലയത്തിലെ അശുദ്ധി കണ്ട് യേശു എന്ത് ചെയ്തു?

**VII. ഒരു പേജിൽ കവിയാതെ ഉത്തരം എഴുതുക (ഏതെങ്കിലും ഒന്ന്) (8x1=8)**

25. യേശുവിനെ പരീക്ഷിച്ച മൂന്ന് പരീക്ഷകൾ എന്തെല്ലാം? മൂന്നു പരീക്ഷകൾക്കും യേശുവിന്റെ മറുപടി എന്തായിരുന്നു? വിശദമാക്കുക

അല്ലെങ്കിൽ

26. യേശുവിന്റെ വിസ്താരം.

**VIII. മനഃപാഠവാക്യം എഴുതുക (3x4=12)**

27. മത്തായി 28:18
28. യോഹന്നാൻ 4:24
29. വെളിപ്പാട് 1:18
30. അപ്പോസ്തോല പ്രവർത്തികൾ 1:2,3

CHURCH OF GOD IN INDIA, KERALA STATE

# SUNDAY SCHOOL II$^{ND}$ SEMESTER EXAMINATION 2025

**Class 5**

Time: 1.5 hrs.
Marks :50

**I. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (1x6=6)**

1. യെശയ്യാവിന്റെ പിതാവിന്റെ പേരെന്ത്?
(ആമോസ്, അമിത്ഥായി, യോവാശ്)
2. യോന എത്ര രാവും പകലും മഹാമത്സ്യത്തിന്റെ വയറ്റിൽ കിടന്നു?
(5, 3, 2)
3. റവ. കുക്ക് മുളക്കുഴ സീയോൻകുന്ന് വാങ്ങിയത് ഏതു വർഷമാണ്?
(1947, 1937, 1927)
4. ഒന്നാം മിഷണറി യാത്രയിൽ പൗലോസിന്റെ സഹയാത്രികൻ ആരായിരുന്നു?
(ബർന്നബാസ്, പത്രൊസ്, യോഹന്നാൻ)
5. ബാബിലോൺ സാമ്രാജ്യത്തിലെ ഏറ്റവും പ്രതാപമുള്ള രാജാവാര്?
(ബെൽശസ്സർ, ദാര്യാവേശ്, നെബുഖദ് നേസ്സർ)
6. സാധു സുന്ദർസിംഗ് ജനിച്ച സ്ഥലമേത്?
(ലുധിയാന, റാമ്പൂർ, അമൃത്സർ)

**II. പേരെഴുതുക (1x5=5)**

7. ആദ്യമായി എഴുതപ്പെട്ട പ്രവാചക പുസ്തകം ഏത്?
8. യോനയുടെ സ്വന്തസ്ഥലം ഏത്?
9. സെഖര്യാവിനു പ്രത്യക്ഷപ്പെട്ട ദൂതൻ ആര്?
10. പത്രൊസിന്റെ സ്വന്തദേശം ഏത്?
11. യൂറോപ്പിലെ ആദ്യവിശ്വാസി ആര്?

**III. അർത്ഥം എഴുതുക (1x3=3)**

12. സ്തെഫാനോസ്
13. പത്രൊസ്
14. യെശയ്യാവ്

**IV. ചേരുംപടി ചേർക്കുക (1x4=4)**

15. ആമോസ് - ഇന്ദ്രൻ
16. യോന - ബുധൻ
17. പൗലോസ് - പ്രാവ്
18. ബർന്നബാസ് - ഭാരവാഹി

**V. ആര് ആരോടു പറഞ്ഞു (2x3=6)**

19. "യജമാനന്മാരെ രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യണം?"
20. "നിങ്ങൾ എന്നെ വിശ്വസ്ത എന്ന് എണ്ണിയിരിക്കുന്നുവെങ്കിൽ എന്റെ വീട്ടിൽ വന്നു പാർപ്പിൻ."
21. "നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ട്."

**VI. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക (2x3=6)**

22. ഗ്രഹാം ഗ്ലാഡിസ് ദമ്പതികളുടെ സേവനങ്ങൾ എന്തൊക്കെയായിരുന്നു?
23. യേശുവിനെ തള്ളിപ്പറയുവാൻ മജിസ്ട്രേറ്റ് ആവശ്യപ്പെട്ടപ്പോൾ പോളികാർപ്പിന്റെ മറുപടി എന്തായിരുന്നു?
24. സഭയുടെ വിത്ത് എന്തെന്നാണ് തെർത്തുല്യൻ പറഞ്ഞിരിക്കുന്നത്?

**VII. ഒരു പേജിൽ കവിയാതെ ഉത്തരം എഴുതുക (ഏതെങ്കിലും ഒന്ന്) (8x1=8)**

25. കൊലക്കളത്തിലേക്ക് നയിക്കപ്പെട്ട പെർപെചായെപ്പറ്റി ഒരു ചെറുവിവരണം എഴുതുക.

അല്ലെങ്കിൽ

26. ഹെരോദാവ് യോഹന്നാൻ സ്നാപകനെ കൊന്ന സംഭവം വിവരിക്കുക.

**VIII. മനഃപാഠ വാക്യം എഴുതുക (3x4=12)**

27. എബ്രായർ 13:7
28. അപ്പൊസ്തല പ്രവൃത്തികൾ 4:19
29. ഗലാത്യർ 6:14
30. യോഹന്നാൻ 12:24

CHURCH OF GOD IN INDIA, KERALA STATE

# SUNDAY SCHOOL II[ND] SEMESTER EXAMINATION 2025

**Class 6**

Time: 1.5 hrs.
Marks : 50

**I. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക (1x6=6)**

1. പഴയ നിയമത്തിലെ അവസാന പുസ്തകം എഴുതിയത് ആര്?
(ഹബക്കൂക്, മലാഖി, സെഖര്യാവ്)
2. ദാവീദ് ജനിച്ച പട്ടണം ഏതു?
(യെരുശലേം, ബെത്‌ലഹേം, സിറിയ)
3. യിസഹാക്കിന്റെ ആയുഷ്ക്കാലം എത്ര വർഷം?
(150, 120, 180)
4. സമാഗമന കൂടാരം പണിയുവാൻ മോശെക്കു നിർദ്ദേശം ലഭിച്ചതെവിടെ വെച്ച്?
(സീനായ് മല, സീൻ മരുഭൂമി, ഹെബ്രോൻ മല)
5. രൂത്തിന് ലഭിച്ച മകന്റെ പേരെന്ത്?
(ദാവീദ്, ഓബേദ്, ബോവസ്)
6. എലീശായുടെ പിതാവിന്റെ പേര് എന്ത്?
(സാഫാത്ത്, യേഹൂ, യോവാശ്)

**II. പേരെഴുതുക (1x5=5)**

7. ബാബിലോൺ രാജാക്കന്മാരിൽ പ്രബലനായിരുന്ന രാജാവ്?
8. അബ്രഹാമിന്റെ സഹോദരന്മാരുടെ പേര്?
9. ബെൽശേസ്സറിന്റെ അപ്പന്റെ പേര്?
10. മൂന്നു മാസം പെട്ടകമിരുന്നതിനാൽ അനുഗ്രഹം പ്രാപിച്ച വ്യക്തി ആര്?
11. യിസ്രായേൽ രണ്ടായി വിഭജിക്കപ്പെട്ടതു ആരുടെ കാലശേഷമാണ്?

**III. അർത്ഥം എഴുതുക (1x3=3)**

12. എസ്രാ
13. സാറാ
14. ആബേൽ - മേഹോല

**IV. ചേരുംപടി ചേർക്കുക (1x4 =4)**

15. ദാവീദ് - നവോമി
16. ഇയ്യോബ് - രെഹബോത്ത്
17. എലീമേലെക്ക് - യോനാഥാൻ
18. യിസഹാക്ക് - ഊസ്

**V. ആര് ആരോട് പറഞ്ഞു (2x3= 6)**

19. "നീ ഉത്തമയായ സ്ത്രീ എന്ന് പട്ടണക്കാർക്കെല്ലാം അറിയാം".
20. "ഞങ്ങൾ നിന്റെ നേരെ എന്ത് സംസാരിക്കുന്നു".
21. "നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും".

**VI. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക (2x3=6)**

22. അബീഗയിലിന്റെ ബുദ്ധിപൂർവ്വമായ പ്രവർത്തി എന്തായിരുന്നു?
23. ഏതാണ് നിശബ്ദ കാലം എന്നറിയപ്പെടുന്നത്?
24 യിസ്രായേൽ ജനം നാല്പത് വർഷം മരുഭൂമിയിൽ അലയേണ്ടി വന്നത് എന്തുകൊണ്ടാണ്?

**VII. ഒരു പേജിൽ ഉത്തരം എഴുതുക (ഏതെങ്കിലും ഒന്ന്) (8x1=8)**

25. രൂത്തിന്റെ സ്വഭാവ സവിശേഷതകൾ ഏതെല്ലാം? വിവരിക്കുക.

അല്ലെങ്കിൽ

26. ഇയ്യോബിന്റെ കഷ്ടത ഏതെല്ലാം നിലയിലുള്ളതായിരുന്നു? വിശദീകരിക്കുക

**VIII. മനഃപാഠ വാക്യം എഴുതുക (3x4=12)**

27. എബ്രായർ 10:39
28. മലാഖി 4:1
29. യാക്കോബ് 5:11
30. യോഹന്നാൻ 20:21

CHURCH OF GOD IN INDIA, KERALA STATE

# SUNDAY SCHOOL II[ND] SEMESTER EXAMINATION 2025

## Class 7

Time: 1.5 hrs.
Marks :50

**I. ശരിയായ ഉത്തരം എടുത്തെഴുതുക (1x5 =5)**

1. തങ്കം കൊണ്ടുള്ള തല ഏത് സാമ്രാജ്യത്തെയാണ് കുറിക്കുന്നത്?
(ബാബിലോൺ, റോമാ സാമ്രാജ്യം, യവന സാമ്രാജ്യം)
2. ഏഴു ദിവസം ഭരിച്ച യിസ്രായേൽ രാജാവാര്?
(ഏലാ, സിമ്രി, ഒമ്രി)
3. അഹരോൻ മരിച്ചത് എവിടെ വെച്ചായിരുന്നു?
(മോവാബ് സമഭൂമി, സീനായി, ഹോർ പർവ്വതം)
4. ശലോമോനു സിംഹാസനം ലഭിക്കുവാൻ പിതാവിന് ഉപദേശം കൊടുത്ത പ്രവാചകൻ ആര്?
(നാഥാൻ, ശമുവേൽ, സാദോക്ക്)
5. ലെബാനോൻ പർവ്വതത്തിൽ നിന്ന് ഉത്ഭവിക്കുന്ന നദി ഏത്?
(അർന്നോൻ നദി, യോർദ്ദാൻ നദി, യാബോക്ക് നദി)

**II. ഒറ്റവാക്കിൽ എഴുതുക (1x5=5)**

6. യോശുവ ഏത് ഗോത്രക്കാരനായിരുന്നു?
7. അപ്പൊസ്തല പ്രവർത്തിയുടെ എഴുത്തുകാരനാര്?
8. ശലോമോന്റെ മാതാവ് ആര്?
9. ബാബിലോന്യ രാജാക്കന്മാരിൽ പ്രമുഖൻ ആര്?
10. ശൗലിനെ രാജാവായി പ്രഖ്യാപനം ചെയ്തതാര്?

**III. പൂരിപ്പിക്കുക (1x4=4)**

11. റമസേസിൽ നിന്ന് പുറപ്പെട്ട ജനം എത്തിയ മിസ്രയീമിന്റെ അതിർ ..................... എന്ന സ്ഥലമായിരുന്നു.
12. ആധുനിക യിസ്രായേലിലെ നാണയമാണ് ..............................................................
13. റോമക്കാർ കനാൻ നാടിന് നൽകിയ പേരാണ് ......................................................
14. ഇടങ്കയ്യനായ ന്യായാധിപനായിരുന്നു ......................................................................

**IV. അർത്ഥം എഴുതുക (1x3=3)**

15. യോശുവ
16. യിസ്രായേൽ
17. മാറാ

**V. കാരണം എഴുതുക (2x2=4)**

18. യിസ്രായേൽ ജനം ഒരു രാജാവിനെ വേണമെന്ന് ദൈവത്തോടു അപേക്ഷിച്ചു.
19. യിസ്രായേൽ രാജ്യത്തിന്റെ വിഭജനം.

**VI. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക (2x3 =6)**

20. നാസീർ വ്രതസ്ഥനായ ന്യായാധിപൻ ആര്? അദ്ദേഹത്തിന്റെ ദാരുണ അന്ത്യം എങ്ങനെയായിരുന്നു?
21. സങ്കേത നഗരങ്ങൾ എന്നാൽ എന്ത്? അവ ഏതെല്ലാം?
22. യിസ്രായേലിന്റെ അടിമത്വത്തിന്റെ കാരണങ്ങൾ ഏവ?

**VII. ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക (3x2=6)**

23. ദാവീദിന്റെ ശ്രേഷ്ഠഗുണങ്ങൾ ഏതെല്ലാം?
24. സീയോൻ സംഘം എന്നാലെന്ത്? അതിന് നേതൃത്വം നല്കിയതാര്?

**VIII. ഒരു പേജിൽ ഉത്തരമെഴുതുക. (ഏതെങ്കിലും ഒന്ന് ) (8x1=8)**

25. കർത്താവിന്റെ വരവിന്റെ രണ്ടു ഘട്ടങ്ങൾ ഏതെല്ലാം എന്ന് വിശദീകരിച്ച് എഴുതുക.

അല്ലെങ്കിൽ

26. ശലോമോന്റെ അധഃപതനത്തിന് ഇടയാക്കിയ സാഹചര്യങ്ങൾ ഏതെല്ലാം എന്ന് വിശദമാക്കുക.

**IX. മനഃപാഠ വാക്യം എഴുതുക (3x3=9)**

27. 2 ദിനവൃത്താന്തം 7:14
28. സദൃശ്യവാക്യം 20:11
29. നെഹമ്യാവ് 2:17

CHURCH OF GOD IN INDIA, KERALA STATE

# SUNDAY SCHOOL II[ND] SEMESTER EXAMINATION 2025

**Class 8**

Time: 1.5 hrs
Marks: 50

**I. ബ്രാക്കറ്റിൽ നിന്നും ശരിയായത് തിരഞ്ഞെടുത്തു എഴുതുക. (1x5=5)**

1. പൗലോസിന്റെ അവസാന ലേഖനം ഏതു ?
(1 തിമൊഥെയൊസ്, 2 തിമൊഥെയൊസ്, തീത്തോസ്)
2. എവിടെവെച്ചാണ് പൗലോസിനെ ആരാധിച്ചവർ തന്നെ അദ്ദേഹത്തെ ഉപദ്രവിച്ചത്?
(ലുസ്ത്ര, കുപ്രോസ്, പെർഗ്ഗ)
3. അഭിപ്രായ ഭിന്നത ഉണ്ടായിരുന്ന യുവൊദ്യയും സുന്തുകയും ഏതു സഭയിലെ സഹോദരിമാർ ആയിരുന്നു.?
(കൊലൊസ്യ, എഫസോസ്, ഫിലിപ്പ്യ)
4. വേദപുസ്തകത്തിൽ ആദ്യം ദശാംശം കൊടുത്ത വ്യക്തി ആരാണ്?
(അബ്രഹാം, മോശെ, യാക്കോബ്)
5. പൗലോസിന്റെ ലേഖനങ്ങൾ എത്ര?
(21, 14, 7)

**II. പേരെഴുതുക (1x5=5)**

6. യൂറോപ്പിലെ പ്രഥമ വിശ്വാസി ആര്?
7. പൗലോസിന്റെ ജന്മ സ്ഥലം?
8. എവിടെ വെച്ചാണ് സഭാ ജനങ്ങൾക്ക് ക്രിസ്ത്യാനികൾ എന്ന് പേര് ലഭിച്ചത്?
9. പൗലോസിനെ അടിക്കാൻ കല്പിച്ച മഹാപുരോഹിതൻ ആര്?
10. തീത്തോസ് ഏതു സഭയുടെ ശുശ്രൂഷക്കാരനായിരുന്നു?

**III. പൂരിപ്പിക്കുക (1x4=4)**

11. സഭ എന്നതിന്റെ പുതിയനിയമ മൂലപദം ആണ് ....................................
12. ......................................... ദൈവത്തിന്റെ ആലോചനയും യേശു കർത്താവിന്റെ അന്ത്യ കല്പനയും ആണ്.
13. ............................ മുതൽ ആണ് ശൗൽ പൗലോസ് എന്ന് മാത്രം അറിയപ്പെട്ടത്.
14. സുവിശേഷീകരണത്തെ സംബന്ധിച്ച് കൗമാരക്കാർക്ക് ദൈവം നൽകിയിരിക്കുന്ന ഏറ്റവും വലിയ സാധ്യത ആണ് ..........................................

**IV. അർത്ഥം എഴുതുക (1x3=3)**

15. പൗലോസ്
16. ക്വാഹൽ
17. ബാപ്റ്റിഡ്സോ

**V. കാരണം എഴുതുക (2x2=4)**

18. പൗലോസ് 3 വർഷം അറേബ്യ മരുഭൂമിയിൽ ഏകനായി കർത്താവിനോട് കൂടെ ചിലവഴിച്ചു.
19. ആദിമ സഭയുടെ മാഗ്നാകാർട്ടായി ഗലാത്യ ലേഖനം അറിയപ്പെടുന്നു.

**VI. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരം എഴുതുക (2x3=6)**

20. 2 പത്രോസും 2 തിമൊഥയൊസും തമ്മിലുള്ള താരതമ്യം എഴുതുക.
21. വിശുദ്ധീകരണം എന്നാൽ എന്ത്?
22. സന്ദർഭം കുറിച്ച് ആശയം വ്യക്തമാക്കുക: "കർത്താവിന്റെ നേർവഴികളെ മറിച്ചു കളയുന്നത് നീ മതിയാക്കുകയില്ലയോ?"

**VII. ഒരു ഖണ്ഡികയിൽ ഉത്തരം നൽകുക (3x2=6)**

23. വിശുദ്ധീകരണത്തിലുള്ള ദൈവികപങ്കാളിത്വം എന്താണ്?
24. മറ്റ് ഏതൊരു വസ്തുതയെക്കാളും കർതൃമേശയ്ക്കുള്ള പ്രതികരണശേഷി എന്താണ്?

**VIII. ഒരു പേജിൽ ഉത്തരം എഴുതുക (ഏതെങ്കിലും ഒന്ന്) (8x1=8)**

25. കൈസര്യ മുതൽ റോം വരെ ഉള്ള പൗലോസിന്റെ കപ്പൽ യാത്രയെപ്പറ്റി ഉപന്യസിക്കുക.

അല്ലെങ്കിൽ

26. സഭയുടെ സദൃശങ്ങൾ ഏതെല്ലാം? ഓരോന്നും വിവരിക്കുക.

**IX. മനഃപാഠ വാക്യം എഴുതുക (3x3=9)**

27. 2 പത്രൊസ് 3:9
28. 2 തിമൊഥെയൊസ് 4:7,8
29. ഫിലിപ്പ്യർ 4:6

CHURCH OF GOD IN INDIA, KERALA STATE

# SUNDAY SCHOOL II^ND SEMESTER EXAMINATION 2025

**Class 9** Time: 1.5 hrs

Marks: 50

**1. ശരിയായ ഉത്തരം തിരഞ്ഞെടുത്തു എഴുതുക (1x5=5)**

1. യിസ്രായേൽ രാഷ്ട്രം സ്ഥാപിതമായത് എന്ന്?
(1948 മെയ് 14, 1980 ജൂലൈ 5, 1948 ജൂലൈ 5)

2. ചെറിയ യെശയ്യാവ് എന്ന് അറിയപ്പെടുന്ന പ്രവാചകൻ ആര്?
(മീഖാ, യോന, ആമോസ്)

3. യിരമ്യാവിന്റെ പ്രവചനങ്ങൾ പുസ്തകത്തിൽ ആക്കിയത് ആര്?
(യോശിയാവ്, ഹിൽക്കിയ, ബാരൂക്ക് )

4. A.D. 70ൽ യെരുശലേം ദേവാലയം നശിപ്പിച്ചത് ആര്?
(ജനറൽ വെയ്സ് മാൻ, തീത്തൂസ് കൈസർ, ഹിറ്റ്ലർ)

5. മനുഷ്യരിൽ നിന്നുള്ള ആദ്യ പ്രവാചകൻ ആര്?
(നോഹ, ഹാനോക്ക്, മോശ)

**II. പേരെഴുതുക (1x5=5)**

6. ഭൂമിയിലെ അവസാനത്തെ യുദ്ധം ഏത്?
7. മഹോപദ്രവം നടത്തുന്നത് ആര്?
8. ദൈവം പ്രിയ പുരുഷൻ എന്ന് സംബോധന ചെയ്തിരിക്കുന്നത് ആരെ?
9. പ്രവചന സ്ഥാപകൻ എന്ന് അറിയപ്പെടുന്നത് ആര്?
10. ആത്മാവേശ പ്രവാചകൻ എന്ന് അറിയപ്പെടുന്നത് ആര്?

**III. പൂരിപ്പിക്കുക (1x4=4)**

11. .......................... ആണ് യെഹൂദന്റെ ഒടുവിലത്തെ പെരുന്നാൾ.
12. കർത്താവിന്റെ ശുശ്രൂഷയിലെ പ്രധാന വിഷയമാണ് ..........................
13. സ്വർഗ്ഗത്തിൽ പൗരത്വം രേഖപ്പെടുത്താൻ ഉപയോഗിക്കുന്ന പുസ്തകമാണ് ........................
14. പെന്തക്കോസ്തു ദിനത്തിൽ ഉണ്ടായ പരിശുദ്ധാത്മ പകർച്ചയെ പറ്റി പ്രവചിച്ച പ്രവാചകൻ ആണ് ..............................

**IV. അർത്ഥം എഴുതുക (1x3=3)**

15. ഘോസേ
16. നഹൂം
17. ഹോശയ

**V. കാരണം എഴുതുക (2x2=4)**

18. ഹബക്കുക്ക് പ്രവാചകനെ 'പഴയ നിയമത്തിലെ തോമസ്' എന്ന് വിളിക്കുന്നു?
19. മോശയെ അദ്ധ്യാപന പ്രവാചകൻ എന്ന് വിളിക്കുന്നു.?

**VI. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക (2x3=6)**

20. വിശുദ്ധന്മാരുടെ ന്യായ തീർപ്പിന് ഉപയോഗിക്കുന്ന പുസ്തകങ്ങൾ ഏതെല്ലാം?
21. ക്രിസ്തുവിന്റെ മഹത്വ പ്രത്യക്ഷത എന്നാൽ എന്ത്?
22. പ്രവചനം എന്നാൽ എന്ത്?

**VII. ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക (3x2=6)**

23. പുതിയ യെരുശലേം എന്ന വിശുദ്ധ നഗരത്തെ പറ്റി വിവരിക്കുക.?
24 യെശയ്യാവിന്റെ വിളിയുടെ പ്രത്യേകതകൾ എന്തെല്ലാം?

**VIII. ഒരു പേജിൽ ഉത്തരം എഴുതുക (ഏതെങ്കിലും ഒരെണ്ണം) (8x1=8)**

25. യേശു ക്രിസ്തുവിന്റെ രഹസ്യ വരവിൽ എടുത്തുകൊള്ളപ്പെടേണ്ടതിനു വേണ്ട യോഗ്യതകൾ എന്തെല്ലാം?

അല്ലെങ്കിൽ

26. പ്രവാചകന്മാരുടെ വിവിധ പേരുകളും അവയോട് ബന്ധപ്പെട്ട കർത്തവ്യങ്ങളും വിവരിക്കുക?

**IX. മനഃപാഠ വാക്യം എഴുതുക (3x3=9)**

27. 1 ശമുവേൽ 3:20
28. വെളിപ്പാട് 21:1,2
29. ദാനിയേൽ 12:1

# CHURCH OF GOD IN INDIA, KERALA STATE
# SUNDAY SCHOOL II$^{ND}$ SEMESTER EXAMINATION 2025
## CLASS 10

Time: 1.5 hrs
Marks: 50

**I. ശരിയായ ഉത്തരം തിരഞ്ഞെടുത്തു എഴുതുക (1x5=5)**

1. യെഹൂദന്മാരുടെ ആദ്യത്തെ പെരുന്നാൾ ഏത്?
(കൊയ്തു പെരുന്നാൾ, ആദ്യ ഫല പെരുന്നാൾ, പെസഹ)
2. ദൈവേഷ്ട പ്രകാരം ജീവിച്ച മനുഷ്യൻ മരിച്ചാൽ എവിടേക്ക് പോകും?
(സ്വർഗം, പറുദീസ, യാതനാ സ്ഥലം)
3. ഏലിയാവ് എത്ര അത്ഭുതങ്ങൾ ചെയ്തു?
(14, 7, 5)
4. സ്നാനത്തിനുശേഷം ദൈവാത്മാവ് യേശുവിനെ എവിടേക്കാണ് നയിച്ചത്?
(പള്ളി, തോട്ടം, മരുഭൂമി)
5. ക്രിസ്ത്യാനി എന്ന പേര് ആദ്യം ലഭിച്ചത് എവിടെ വെച്ചാണ്?
(അന്ത്യോക്യ, യെരുശലേം, പത്മോസ്)

**II. പേരെഴുതുക (1x5=5)**

6. യഹോവയുടെ നാമത്തിലെ ആരാധന തുടങ്ങിയത് ആര്?
7. വർജനം ആചരിക്കുന്നവർക്ക് ലഭിക്കുന്ന കിരീടം ഏത്?
8. ദൈവം നമ്മെ മുദ്ര ഇട്ടിരിക്കുന്നത് എന്തിനാലാണ്?
9. ദൈവം വെറുക്കുന്ന ഏറ്റവും വലിയ പാപം ഏത്?
10. ജീവനോടെയിരുന്നപ്പോൾ 13 അത്ഭുതങ്ങൾ ചെയ്ത പ്രവാചകൻ ആര്?

**III. പൂരിപ്പിക്കുക (1x4=4)**

11. .................................... ദൈവത്തോട് ശത്രുത്വം ആകുന്നു.
12. പാപം ഭൂമിയെ ശൂന്യമാക്കുന്നതുവരെ ഭൂമി .................... ന്റെ രാജ്യമായിരുന്നു.
13. .................................... ആണ് സഭാംഗത്വത്തിനുള്ള അടിസ്ഥാന യോഗ്യത.
14. പരിശുദ്ധാത്മാവിന്റെ സഭയിലുള്ള ജന്മ ദിവസം ആയിരുന്നു ........................

**IV. അർത്ഥം എഴുതുക (1x3=3)**

15. കൊയ്നോനിയ
16. പെട്രോസ്
17. സഭ

**V. കാരണം എഴുതുക (2x2=4)**

18. കൃപായുഗത്തെ പരിശുദ്ധാത്മാവിന്റെ യുഗമെന്നു വിളിക്കുന്നു
19. ദൈവം യിസ്രായേലിനെ ജാതീയ രാജാക്കന്മാർക്ക് വിറ്റ് കളഞ്ഞു

**VI. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക (2x3=6)**

20. കർതൃമേശയെപ്പറ്റിയുള്ള മൂന്നു ചിന്താഗതികൾ ഏതെല്ലാം?
21. സഭയുടെ അടിസ്ഥാന ഉപദേശങ്ങൾ ഏതെല്ലാം?
22. ഒൻപത് കൃപാവരങ്ങൾ ഏതെല്ലാം?

**VII. ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക (3x2=6)**

23. രാഷ്ട്രബോധം പുതിയ നിയമത്തിൽ
24. വിശ്വാസിയും വേർപാടും

**VIII. ഒരുപേജിൽ ഉത്തരമെഴുതുക ( ഏതെങ്കിലും ഒന്ന്) (8x1=8)**

25. വ്യക്തികളിൽ പരിശുദ്ധാത്മാവ് നടത്തുന്ന പ്രവർത്തനങ്ങൾ.

അല്ലെങ്കിൽ

26. കർത്താവിന്റെ വരവ്.

**IX. മനഃപാഠ വാക്യം എഴുതുക (3x3=9)**

27. 1 തിമോത്തി 2:2
28. പുറപ്പാട് 15:26
29. യോവേൽ 2:28,29

CHURCH OF GOD IN INDIA, KERALA STATE

# SUNDAY SCHOOL II[ND] SEMESTER EXAMINATION 2025

**CLASS 11**

Time: 1.5 hrs
Marks: 50

**I. ശരിയായ ഉത്തരം തിരഞ്ഞെടുത്തു എഴുതുക (1x5=5)**

1. ഹല്ലേലൂയ്യാ എന്ന പദം പുതിയ നിയമത്തിൽ എത്ര പ്രാവശ്യം കാണുന്നു?
(3 പ്രാവശ്യം, 4 പ്രാവശ്യം, 5 പ്രാവശ്യം)
2. ഏഷ്യയുടെ വിളക്ക് എന്നറിയപ്പെടുന്ന പട്ടണമേത്?
(ഫിലദെൽഫിയ, എഫെസൊസ്, സ്മുർന്ന)
3. ഇന്നത്തെ ഭൂമിയെ എന്തുകൊണ്ടാണ് ശുദ്ധീകരിക്കുന്നത്?
(തീ, വെള്ളം, പരിശുദ്ധാത്മാവ്)
4. മത്തായിയുടെ സുവിശേഷത്തിൽ യേശുവിനെ ആരായിട്ട് വെളിപ്പെടുത്തിയിരിക്കുന്നു?
(ദാസൻ, ദൈവപുത്രൻ, രാജാവ്)
5. യെഹൂദാ ഗോത്രത്തിലെ സിംഹം ആര്?
(യേശു, പൗലോസ്, പത്രൊസ്)

**II. പേരെഴുതുക (1×5=5)**

6. അന്ത്യന്യായവിധി നടക്കുന്ന സിംഹാസനത്തിന്റെ പേരെന്ത്?
7. സ്മുർന്ന സഭയിലെ ശുശ്രൂഷകൻ ആരായിരുന്നു?
8. സ്വർഗ്ഗത്തിലെ സാക്ഷ്യകൂടാരം ഏത്?
9. കുഞ്ഞാടിന്റെ കല്യാണത്തിൽ മണവാട്ടി ആര്?
10. ഏഷ്യമൈനറിലെ സഭകളിൽ ഒടുവിൽ സ്ഥാപിതമായ സഭയേത്?

**III. പൂരിപ്പിക്കുക (1x4=4)**

11. യിസ്രായേൽ എന്ന പഴയനിയമ വിശുദ്ധന്മാർ ..................... എന്ന് പേരിൽ അറിയപ്പെടുന്നു.
12. പുതിയ യെരുശലേം മതിലിന്റെ ഉയരം .............................. മുഴമാണ്.
13. ഈ ലോകത്തിൽ വെച്ച് നടക്കുവാൻ പോകുന്ന അവസാന യുദ്ധമാണ് ...............
14. മൂന്നാം മുദ്ര പൊട്ടിച്ചപ്പോൾ ....................... പ്രത്യക്ഷമാകുന്നു

**IV. അർത്ഥം എഴുതുക (1x3=3)**

15. സർദ്ദീസ്
16. ലാവോസ്
17. പെർഗ്ഗമൊസ്

**V. കാരണം എഴുതുക (2×2=4)**

18. ആയിരമാണ്ടു വാഴ്ചക്കാലത്ത് സാത്താനു പ്രവർത്തിക്കാൻ കഴിയുകയില്ല.
19. യെഹൂദൻ അവസാന ആഴ്ചവട്ടത്തെ കഷ്ടതയിൽ കൂടി കടന്നു പോകേണ്ടി വരുന്നു.

**VI. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക (2×3=6)**

20. വീണ്ടെടുപ്പിന്റെ ഗാനം എന്താണ്?
21. സഹസ്രാബ്ദ വാഴ്ചയുടെ വിവിധ പേരുകൾ ഏതെല്ലാം?
22. നരകയോഗ്യരായവർ ആരെല്ലാം?

**VII. ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക (ഏതെങ്കിലും ഒന്ന്) (3x2=6)**

23. ലവൊദിക്യ സഭയെ പറ്റിയുള്ള ആക്ഷേപങ്ങൾ.
24. പുതുവാനഭൂമിയിലെ ഏഴു പുതിയവകൾ.

**VIII. ഒരു പേജിൽ ഉത്തരമെഴുതുക (8x1=8)**

25. വെളിപ്പാടു പുസ്തകത്തിലെ ഏഴു ഭാഗ്യവർണ്ണനകൾ . വിവരിക്കുക

അല്ലെങ്കിൽ

26. യേശുക്രിസ്തുവിന്റെ സപ്താംഗവർണ്ണനയെപ്പറ്റി ഉപന്യസിക്കുക.

**IX. മനഃപാഠവാക്യം എഴുതുക (3×3=9)**

27. വെളിപ്പാട് 12:10
28. വെളിപ്പാട് 14:13
29. വെളിപ്പാട് 15:4

# CHURCH OF GOD IN INDIA, KERALA STATE
# SUNDAY SCHOOL II[ND] SEMESTER EXAMINATION 2025
## CLASS 12

Time: 1.5 hrs
Marks: 50

**I. ശരി ഉത്തരം എഴുതുക (1x5=5)**

1. യിസ്രായേൽ രാഷ്ട്രമായി രൂപം കൊണ്ട വർഷം?
(1945, 1949, 1948)
2. ആത്മാക്കളെ നേടുന്നവർക്കു ലഭിക്കുന്ന കിരീടം?
(പ്രശംസാ കിരീടം, വാടാത്ത കിരീടം, ജീവകിരീടം)
3. വാഗ്ദത്തയുഗത്തിന്റെ കാലദൈർഘ്യം?
(400 വർഷം, 430 വർഷം, 450 വർഷം)
4. റോമാ നഗരം അഗ്നിക്കിരയാക്കിയതിന് ശേഷം അത് ചെയ്തത് ക്രിസ്ത്യാനികളാണെന്ന് വ്യാജപ്രചരണം നടത്തിയ ചക്രവർത്തി?
(ഡൊമിഷ്യൻ, പീയൂസ്, നീറോ)
5. എ.ഡി. 52-ൽ കുന്തംകൊണ്ട് കുത്തേറ്റു രക്തസാക്ഷിയായി മരിച്ചു എന്ന് വിശ്വസിക്കപ്പെടുന്ന അപ്പോസ്തോലൻ.
(യാക്കോബ്, തോമസ്, പൗലോസ്)

**II. പേരെഴുതുക (1x3=3)**

6. സഭ എന്നതിന് തുല്യമായി എബ്രായഭാഷയിൽ കൊടുത്തിരിക്കുന്ന പദം?
7. ലോകപ്രസിദ്ധമായ മതപരിവർത്തന വിളംബരം പ്രസിദ്ധപ്പെടുത്തിയ ചക്രവർത്തി?
8. ലോകമതങ്ങളുടെ മാതാവ് എന്ന് അറിയപ്പെടുന്ന മതം?

**III. താഴെ കൊടുത്തിട്ടുള്ള ഏതെങ്കിലും മൂന്ന് വിഷയങ്ങൾക്ക് ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക (6x3=18)**

9. സഭാ പീഡനങ്ങൾ
10. പണം എങ്ങനെ പക്വതയോടെ ഉപയോഗിക്കാം
11. മനസാക്ഷിയുഗം
12. ജോൺ ഹസ്സ്

**IV. ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഒന്നര പേജിൽ ഉത്തരമെഴുതുക (12x2=24)**

13. കേരളത്തിലെ ക്രൈസ്തവസഭയും അതിന്റെ നവീകരണത്തെയും പറ്റി വിശദീകരിക്കുക.
14. ട്രാഫിക്ക് നിയമങ്ങൾ പാലിക്കുന്നതിന്റെയും ലഹരി ഉപയോഗത്തിന്റെ അപകടങ്ങളെപ്പറ്റിയും ഉപന്യസിക്കുക.
15. ഭാരതത്തിലെ പ്രധാന മതവിഭാഗങ്ങളെപ്പറ്റി വിശദീകരിക്കുക.